# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: kSA IDK 12/1106/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/02/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: kSA IDK 12/1106/2021 തീയ്യതി: 04/02/2022

## ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 14-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 22-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 22-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു, ഓഡിറ്റ് ഓഫീസർ
ശ്രീ. എം. എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ കെ. ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശശികല മുരുകേശൻ | പ്രസിഡന്റ് | 01-04-2020 | 11-10-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 12-10-2020 | 29-12-2020 |
| ശ്രീ കെ.കെ സജികുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ബിജു പി.വി | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഇ.എം അസീസ് | അസി. സെക്രട്ടറി | 01-04-2020 | 02-05-2020 |
| ശ്രീ ബൈജു കെ ലാൽ ജൂണിയർ സൂപ്രണ്ട് | അസി. സെക്രട്ടറിയുടെ അധിക ചുമതല | 03-05-2020 | 24-05-2020 |

| | | | |
|---|---|---|---|
| ശ്രീ ഇ.എം അസീസ് | അസി. സെക്രട്ടറി | 25-05-2020 | 14-06-2020 |
| ശ്രീമതി രാജി സാമുവൽ അക്കൗണ്ടന്റ് | അസി. സെക്രട്ടറിയുടെ അധിക ച്ചുമതല | 15-06-2020 | 18-06-2020 |
| ശ്രീ സിഫി പി | അസി. സെക്രട്ടറി | 19-06-2020 | 31-03-2021 |
| ശ്രീ അബ്ദുൾ സമദ് പി.എസ് | അസി. എൻജിനീയർ | 01-04-2020 | 12-01-2021 |
| ശ്രീ ജോൺ പോൾ | അസി. എൻജിനീയർ | 13-01-2021 | 31-03-2021 |
| ഡോ.എസ് പ്രവീൺ | വെറ്ററിനറി സർജൻ | 01-04-2020 | 03-02-2021 |
| ഡോ.തോമസ് മണവാളൻ | വെറ്ററിനറി സർജൻ | 04-02-2021 | 22-02-2021 |
| ഡോ.മിനു ജയിംസ് | വെറ്ററിനറി സർജൻ | 23-02-2021 | 31-03-2021 |
| ശ്രീമതി ആഷാ ശശി | കൃഷി ഓഫീസർ | 01-04-2020 | 07-07-2020 |
| ശ്രീ ഷീൻ ജോൺസ് | കൃഷി ഓഫീസർ | 08-07-2020 | 31-12-2020 |
| ശ്രീമതി ആഷാ ശശി | കൃഷി ഓഫീസർ | 01-01-2021 | 31-03-2021 |
| ശ്രീമതി ത്രേസ്യമ്മ ജേക്കബ്ബ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ മുരുകേശൻ എസ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി രമ്യ വി | വി.ഇ.ഒ | 01-04-2020 | 04-09-2020 |
| ശ്രീമതി ശീതൾ ശ്രീധരൻ | വി.ഇ.ഒ | 05-09-2020 | 31-03-2021 |
| ഡോ. മിലി എം. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ശ്രീജിത് ശിവൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ. ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-01-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 20-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 20-01-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 20-01-2022) | 1-3 |
| 4 | പട്ടികജാതി വികസനഫണ്ട് ചെലവ് 64.84 ശതമാനം മാത്രം<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 20-01-2022) | 1-3-1 |
| 5 | പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 51.33 ശതമാനം മാത്രം<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 20-01-2022) | 1-3-2 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 20-01-2022) | 1-3-3 |
| 7 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 20-01-2022) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-02-2022) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-6 |
| 10 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-8 |
| 12 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-02-2022) | 1-9 |
| 13 | ഡെപ്പോസിറ്റ് രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-9-1 |
| 14 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-9-2 |
| 15 | സ്റ്റോക്ക് രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-9-3 |
| 16 | ടെണ്ടർ രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 24-01-2022) | 1-9-4 |
| 17 | വായ്പ രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-9-5 |
| 18 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-10 |
| 19 | നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി. - വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-11 |
| 20 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകളില്ല<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-12 |
| 21 | നികുതി നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് സാംഖ്യയിൽ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-13 |

| | | |
|---|---|---|
| 22 | ദുരന്ത ലഘൂകരണം - അവലോകനം<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-14 |
| 23 | സ്റ്റെയിൽ ചെക്കുകൾ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ക്രമീകരണം നടത്തിയിട്ടില്ല<br>Written By: DENNIS JOSEPH (Auditor, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-15 |
| 24 | ഓഡിറ്റിനെ തുടർന്ന് വസ്തു നികുതി ഡിമാന്റിൽ വന്ന കുറവ് പുനക്രമീകരിച്ചു<br>Written By: DENNIS JOSEPH (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-16 |
| 25 | ആംബുലൻസ് വാടക സ്വീകരിച്ചതിന് രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-01-2022) | 1-17 |
| 26 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-18 |
| 27 | ഓഡിറ്റിനെ തുടർന്ന് അടിസ്ഥാന വസ്തു നികുതി നിരക്കിൽ വന്ന കുറവ് പരിഹരിച്ചു<br>Written By: DENNIS JOSEPH (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-19 |
| 28 | വിവിധ കുടിവെള്ള പദ്ധതികൾ - ലക്ഷ്യം കൈവരിച്ചില്ല<br>Written By: M.U.Sunny (Audit Officer, On 21-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 24-01-2022) | 1-20 |
| 29 | മാർഗ്ഗരേഖ വ്യവസ്ഥ പ്രകാരമുള്ള മുൻകൂർ അനുമതിയില്ലാതെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി<br>Written By: Benny Mathew (Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-21 |
| 30 | ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങി നഷ്ടം - ₹4,939/-<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-22 |
| 31 | അംഗൻവാടി കെട്ടിടങ്ങളുടെ വൈദ്യുതീകരണം - കെട്ടിടങ്ങളുടെ വിവരം, വിശദമായ എസ്റ്റിമേറ്റ് എന്നിവയില്ല - ₹3,76,497/- തടസ്സപ്പെടുത്തുന്നു<br>Written By: Majo K George (Asst. Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 24-01-2022) | 1-23 |
| 32 | അംഗീകാരം ലഭിച്ച പദ്ധതിയിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി റീടെണ്ടർ ചെയ്തു നൽകിയില്ല<br>Written By: M.U.Sunny (Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 24-01-2022) | 1-24 |
| 33 | നിലാവ് പദ്ധതിയുടെ ഉദ്ഘാടനത്തിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം തുക നല്കി<br>Written By: Majo K George (Asst. Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 24-01-2022) | 1-25 |
| 34 | മാനദണ്ഡങ്ങൾ പാലിക്കാതെ സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചു<br>Written By: Majo K George (Asst. Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-26 |
| 35 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-27 |
| 36 | എസ്.എസ്.എ. വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 25-01-2022) | 1-28 |
| 37 | പൊതു ടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക നിലനിർത്തി തൻമാസ തുക മാത്രം അടച്ചുവരുന്നു<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-01-2022) | 1-29 |
| 38 | ഹരിതചോല പദ്ധതി പരാജയം - പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ചെലവ്<br>Written By: Majo K George (Asst. Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 25-01-2022) | 1-30 |
| 39 | നിലാവ് പദ്ധതി - കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ച തുകയുടെ തുടർ പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല<br>Written By: Majo K George (Asst. Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-01-2022) | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങി നഷ്ടം ₹4,939/-<br>Written By: Jomon Francis (Senior Grade Auditor, On 14-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 3-1 |
| 2 | മാനദണ്ഡങ്ങൾ പാലിക്കാതെ സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചു<br>Written By: M.U.Sunny (Audit Officer, On 18-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 3-2 |

| | | |
|---|---|---|
| 3 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ-അപാകങ്ങൾ<br>Written By: M.U.Sunny (Audit Officer, On 18-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 25-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 25-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 25-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Benny Mathew (Auditor, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 25-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 25-01-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 19-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 05-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

06-03-2020-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹1,12,86,460/- മുന്നിരിപ്പും ₹8,96,41,268/- വരവും ₹9,57,35,196/- ചെലവും ₹51,92,532/- നീക്കിയിരിപ്പും ഉള്ള ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ ബജറ്റ് 12-03-2020-ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണ സമിതിയുടെ അംഗീകാരം നേടി. ₹27,84,165/- മുന്നിരിപ്പും ₹19,99,32,620/- വരവും ₹20,04,15,000/- ചെലവും ₹23,01,785/- നീക്കിയിരിപ്പും ഉള്ള 2020-21-ലെ പുതുക്കിയ ബജറ്റ് 25-01-2021-ലെ 1(1) നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 05-02-2021-ലെ 6(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 11.05.2021 | -- | -- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 31673272 | 31673272 | 26163747 | 5509525 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4236824 | 4236824 | 2748588 | 1488236 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1543778 | 1543778 | 792354 | 751424 | |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 0 | 8982073 | 8982073 | 8982073 | 0 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ആൺടൈഡ്) | 0 | 9630000 | 9630000 | 750623 | 8879377 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 9630000 | 9630000 | 399934 | 9230066 | |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 22147000 | 22147000 | 22147000 | 0 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 7358000 | 7358000 | 5815134 | 1542866 | |
| ടോട്ടൽ സാനിറ്റേഷൻ | 2151164 | 1273021 | 3424185 | 3346060 | 78125 | |
| ഐ.സി.ഡി.എസ് | 1902347 | 760671 | 2663018 | 852000 | 1811018 | |
| ടോട്ടൽ സാനിറ്റേഷൻ | 74728 | 56411 | 131139 | 0 | 131139 | |
| കേരളോത്സവം | 16600 | 0 | 16600 | 0 | 16600 | |
| ശുചിത്വ മിഷൻ- പെർഫോമൻസ് ഗ്രാന്റ് | 912428 | 0 | 912428 | 912428 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| അംഗൻവാടി മെയിന്റനൻസ്-എസ്.ടി വകുപ്പ് | 108909 | 0 | 108909 | 0 | 108909 | |
| മഴക്കാല പൂർവ്വ ശുചീകരണം | 0 | 140000 | 140000 | 40000 | 100000 | |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ് ) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം (₹) | അധിക അലോട്ട്മെന്റ് (₹) | ലൈഫ് ലോൺ (₹) | അംഗൻവാടി ഹോണറേറിയം (₹) | വോട്ടിംഗ് മെഷീൻ (₹) | അക്കൗണ്ട് ചെയ്ത ഫണ്ട് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 24296000 | 7377272 | 4738588 | 1095000 | 0 | 25839684 |
| വികസനഫണ്ട് (SCP) | 3669000 | 567824 | 321804 | 0 | 0 | 3915020 |
| വികസനഫണ്ട് (TSP) | 1338000 | 205778 | 146196 | 0 | 0 | 1397582 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 3492000 | 0 | 0 | 0 | 74422 | 3417578 |

### 1-3-1 പട്ടികജാതി വികസനഫണ്ട് ചെലവ് 64.84 ശതമാനം മാത്രം

2018 പ്രളയ സ്പെഷ്യൽ ഗ്രാന്റ് ₹5,67,824/- ഉൾപ്പടെ പട്ടികജാതി വികസന ഫണ്ട് വിഹിതമായ ₹42,36,824/-ൽ 2020-21 സാമ്പത്തിക വർഷം ₹27,48,588/- ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയിൽ ₹3,21,804/- ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും പിടിച്ചതാണ്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. പ്രളയ ധനസഹായം കിഴിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഫണ്ടിന്റെ 59.44 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹7,54,436/- ലാപ്സായി.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2021-22ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| 3669000 | 2180764 | 1488236 | 59.44 | 733800 | 754436 |

### 1-3-2 പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 51.33 ശതമാനം മാത്രം

2018 പ്രളയ സ്പെഷ്യൽ ഗ്രാന്റ് ₹2,05,778/- ഉൾപ്പടെ പട്ടികജാതി വികസന ഫണ്ട് വിഹിതമായ ₹15,43,778/-ൽ 2020-21 സാമ്പത്തിക വർഷം ₹7,92,354/- ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയിൽ ₹1,46,196/- ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും പിടിച്ചതാണ്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. പ്രളയ ധനസഹായം കിഴിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 43.84 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹4,83,824/-

ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2021-22ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 1338000 | 586576 | 751424 | 43.84 | 267600 | 483824 |

### 1-3-3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി ഹോണറേറിയം വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

പൊതുവിഭാഗം വികസന ഫണ്ട് ഗഡുക്കൾ അനുവദിച്ചപ്പോൾ അംഗൻവാടി ഹോണറേറിയം ഇനത്തിൽ ₹10,51,200/- സ്രോതസ്സിൽ നിന്നും ഈടാക്കിയിരുന്നു. എന്നാൽ, രണ്ട് പ്രോജക്ടുകൾ മാത്രമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. മൂന്നാം ഗഡുവിൽ നിന്നും കുറവ് ചെയ്ത ₹3,50,400/-ന്റെ പ്രോജക്ട് തയ്യാറാക്കിയില്ല. ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പ തിരിച്ചടവ് വികസന ഫണ്ടിന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നും കുറവ് ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത തുകകളല്ല ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വികസന ഫണ്ടിന്റെ ചെലവ് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യസ്തപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | യഥാർത്ഥത്തിലുള്ള | | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പ്രകാരമുള്ള | | |
|---|---|---|---|---|---|---|
| | അംഗൻവാടി ഹോണറേറിയം (₹) | ലൈഫ് ലോൺ തിരിച്ചടവ് (₹) | ആകെ ചെലവ് (₹) | അംഗൻവാടി ഹോണറേറിയം (₹) | ലൈഫ് ലോൺ തിരിച്ചടവ് (₹) | ആകെ ചെലവ് (₹) |
| വികസനഫണ്ട് (ജനറൽ) | 1095000 | 4738588 | 26163747 | 730000 | 5290000 | 26350159 |
| വികസനഫണ്ട് (എസ്.സി.പി | 0 | 321804 | 2748588 | 0 | 733800 | 3160584 |
| വികസനഫണ്ട് (ടി.എസ്.പി | 0 | 146196 | 792354 | 0 | 267600 | 913758 |

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

### 1-4 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് (₹) | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 5413580 | 7 | 4007905 | 2 | 74 |

| | | | | | | |
|---|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 7 | 2393000 | 4 | 715000 | 3 | 29.87 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5 | 1868642 | 5 | 1773112 | 0 | 94.88 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 450000 | 1 | 450000 | 0 | 100 |
| വി.ഇ.ഒ. | 11 | 34792633 | 7 | 3157400 | 4 | 9.07 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 3412250 | 4 | 3253075 | 0 | 95.33 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 4 | 1522190 | 4 | 1233356 | 0 | 81 |
| സെക്രട്ടറി | 31 | 17392998 | 27 | 13609980 | 4 | 78.25 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 171 | 74529380 | 104 | 43875366 | 67 | 58.87 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2141784 | 2 | 1541784 | 0 | 71.99 |
| അസി. സെക്രട്ടറി | 4 | 1010000 | 3 | 455373 | 1 | 45.09 |
| ആകെ | 249 | 144926457 | 168 | 74072531 | 81 | 51.11 |

പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹14,49,26,457/-ന്റെ 51.11 ശതമാനമായ ₹7,40,72,531/- മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്.

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2180 | 2063609 | 2065789 | 2062988 | 2801 |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി-വിദഗ്ദ | | 1574431 | 1574431 | 1574431 | |
| തൊഴിലാളികളുടെ കൂലി-അവിദഗ്ദ | | 41374431 | 41374431 | 41374431 | |
| സാധനങ്ങൾ | | 6354217 | 6354217 | 6354217 | |

1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 33800 | 3 |
| വിധവാ പെൻഷൻ | 7345100 | 512 |
| വാർദ്ധക്യ കാല പെൻഷൻ | 18717500 | 1354 |
| വികലാംഗ പെൻഷൻ | 1724400 | 112 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 118100 | 7 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2021-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹7,060/-(ഏഴായിരത്തി അറുപത് രൂപ മാത്രം)യുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214-ലെ നിർദ്ദേശങ്ങളനുസരിച്ച് ബജറ്റ് അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വസ്തുനികുതി പിരിച്ചെടുക്കുന്നതിന്റെ നടപടി ക്രമങ്ങൾ യഥാവിധി പാലിക്കപ്പെടുന്നില്ല. രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ സംവിധാനത്തിലും അപാകതകളുണ്ട്. ലൈസൻസ് ഫീസ് പിരിവിൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ പട്ടിക വർഗ്ഗ വികസന ഫണ്ടിനത്തിൽ ലഭിച്ച ₹4,83,824/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ് ചെലവ് വിവരങ്ങൾ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, വായ്പ രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിച്ചിട്ടില്ല. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷനും വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സമ്പൂർണ്ണ ശുചിത്വ ഫണ്ട്, എസ്റ്റി കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ നികുതി/നികുതിയേതര ഇനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-9 രജിസ്റ്ററുകളുടെ പരിപാലനം

സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ്, അക്വിറ്റൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. എന്നാൽ, ചുവടെ കൊടുത്തിരിക്കുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അപാകങ്ങളുണ്ട്.

1-9-1 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. വർഷാവസാനം ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിക്ഷേപങ്ങൾ തിരികെ നൽകുന്നത് വ്യക്തമായ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലും കൂടാതെയാണ്. അതിനാൽ വാർഷിക കണക്കുകളിലെ കൃത്യത പരിശോധിക്കുന്നതിനും തുകകളുടെ ആധികാരികത ഉറപ്പാക്കുന്നതിനും സാധിക്കുന്നില്ല.

### 1-9-2 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

### 1-9-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഇനം തിരിച്ച് സ്റ്റോക്ക് രേഖപ്പെടുത്തൽ നടത്താത്തതിനാൽ സ്റ്റോക്കുകളുടെ വിവരങ്ങൾ കൃത്യമായി വിലയിരുത്തുന്നതിന് സാധിക്കുന്നില്ല. ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-9-4 ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ, ഇ.എം.ഡി വിവരങ്ങൾ, ടെണ്ടർ ലഭിച്ചതും തുറന്നതുമായ തീയതികൾ, വിജയിയായ ടെണ്ടററുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-9-5 വായ്പ രജിസ്റ്റർ

ഗ്രാമ പഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള ലോണിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. അതിനാൽ ലോൺ വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല. ലോൺ രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക കണക്കുകളിൽ നൽകിയിരിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. ജവഹർ ഭവന പദ്ധതിയ്ക്കായി ചെമ്മണ്ണാർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത ലോണിന്റെ വിവരങ്ങൾ വായ്പ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ എന്നിവ തമ്മിൽ വ്യത്യസ്തമാണ്.

### 1-10 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57-ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2020 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2020-21 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-11 നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി. - വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളെ സാധൂകരിക്കുന്ന ഡി.സി.ബി, കുടിശ്ശിക ഡി.സി.ബി. രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ കൃത്യമായി പരിപാലിക്കുന്നില്ല. വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ ₹ | രജിസ്റ്റർ ₹ |
|---|---|---|

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|---|
| വസ്തു നികുതി (ഗാർഹികം)-തൻവർഷം | 2061625 | 1313382 | 753665 | ഡി.സി.ബി. ലഭ്യമല്ല | | |
| വസ്തു നികുതി (ഗാർഹികം)-കുടിശിക | 362153 | 193379 | 168774 | ഡി.സി.ബി. ലഭ്യമല്ല | | |
| വസ്തു നികുതി (ഗാർഹികേതരം) തൻവർഷം | 1915657 | 1075750 | 852980 | ഡി.സി.ബി. ലഭ്യമല്ല | | |
| വസ്തു നികുതി (ഗാർഹികേതരം)- കുടിശിക | 595892 | 88660 | 507232 | ഡി.സി.ബി. ലഭ്യമല്ല | | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ (തൻവർഷം) | 290330 | 278430 | 11900 | 287730 | 278730 | 0 |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ (കുടിശിക) | 0 | 9300 | 9300 | ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല | | |
| ലൈസൻസ് (തൻവർഷം) | 139850 | 139850 | 0 | ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല | | |
| വാടക-തൻവർഷം | 65252 | 65252 | 0 | 76269 | 67281 | 8988 |
| വാടക-കുടിശിക | 18047 | 12125 | 922 | 17125 | 17125 | 0 |
| തൊഴിൽ നികുതി-ജീവനക്കാർ | 665320 | 64920 | 16000 | 672820 | 672820 | 0 |

വസ്തു നികുതി ഡിമാന്റ്, പിരിവ് എന്നിവയ്ക്കായി തയ്യാറാക്കിയിട്ടുള്ള സഞ്ചയ സോഫ്റ്റ്‌വെയറിൽ സാമ്പത്തിക വർഷത്തെ ഡി.സി.ബി/കുടിശിക ഡി.സി.ബി. രജിസ്റ്ററുകൾ ജനറേറ്റ് ചെയ്യുന്നതിന് സാധിക്കുന്നില്ല. ഡി.സി.ബി/ കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പരിപാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകളില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-13 നികുതി നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് സാംഖ്യയിൽ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി

നികുതിയേതര വരുമാനങ്ങളുടെ 31.03.2020-ൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് 2019 ജൂൺ മാസമാണ്. സാമ്പത്തിക വർഷം വരവുകൾ അസസ്സ് ചെയ്ത് നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ദുരന്ത ലഘൂകരണം - അവലോകനം

ലോകത്തെ ആകമാനം ബാധിച്ച കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഉടുമ്പഞ്ചോല ഗ്രാമപഞ്ചായത്ത് സ്വീകരിച്ചത്. യഥാസമയം തന്നെ രോഗ നിർണ്ണയം നടത്തുന്നതിനും രോഗികളെ കോവിഡ് കെയർ സെന്ററുകളിലേക്ക് എത്തിച്ച് വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വന്തമായി FLTC-കൾ ആരംഭിച്ചില്ലെങ്കിലും നെടുങ്കണ്ടം പഞ്ചായത്തിലെ സൗകര്യങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇതിലേയ്ക്ക് പഞ്ചായത്തിന്റെ ആംബുലൻസ് മുഴുവൻ കാലയളവിലും സൗജന്യമായി അനുവദിച്ചിരുന്നു. രോഗികളുടെ ഹോം ക്വാറന്റൈനിലായ ബന്ധുക്കൾ, കോവിഡ് വോളന്റിയർമാർ തുടങ്ങിയവരുടെ ഭക്ഷ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ സി.ഡി.എസ്.-ന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കിച്ചൺ സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നു. ഇതിനായി ₹63,441/- ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന റേഷൻകട വഴി 200 കിലോ അരിയും വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി 236 കിലോ അരിയും ലഭിച്ചിട്ടുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | ₹400000 |
| കമ്മ്യൂണിറ്റി കിച്ചൺ | ₹63441 |
| ആകെ | ₹463441 |

രോഗികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് ശ്രീമതി. ശാന്ത ബിജു (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ) ചെയർമാനായും ശ്രീ. പി. വി. ബിജു (സെക്രട്ടറി) നോഡൽ ഓഫീസർ/കൺവീനറായും ആരംഭിച്ച ഹെൽപ്പ് ഡെസ്ക് സേവനം തുടരുന്നു. ഇപ്പോഴത്തെ ചെയർപേഴ്സൺ ശ്രീമതി. ഷർമിള പി. ആണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും RAPID RESPONSE TEAM മെംബേഴ്സിനെ പ്രാഥമിക ആരോഗ്യ കേന്ദ്രം വഴി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗ ബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വികസന ഫണ്ട്, തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടില്ല എങ്കിലും ബഹുജന പങ്കാളിത്തത്തോടെ അവർക്ക് ജീവൻ രക്ഷാമരുന്ന് എത്തിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് 19 ധനസഹായമായി സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ തുകയൊന്നും ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ₹31,91,472/- ചെലവഴിച്ച് പച്ചക്കറി കൃഷി, തീറ്റപ്പുൽ കൃഷി എന്നിവ നടപ്പാക്കിയിട്ടുണ്ട്.

## 1-15 സ്റ്റെയിൽ ചെക്കുകൾ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ക്രമീകരണം നടത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 31.03.2021-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹7,965/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസ കാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമ പഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനത് ഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

### 1-16 ഓഡിറ്റിനെ തുടർന്ന് വസ്തു നികുതി ഡിമാന്റിൽ വന്ന കുറവ് പുനക്രമീകരിച്ചു

താഴെ ചേർത്ത ക്യാൻസൽ ചെയ്തിട്ടുള്ള സാംഖ്യ രസീതുകൾ സഞ്ചയയിൽ വസ്തു നികുതിയായി പോസ്റ്റ് ചെയ്തിട്ടുള്ളതാണ്.

| ക്രമ നം. | സാംഖ്യ രസീത് നമ്പർ | കെട്ടിട നമ്പർ | സാഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക ₹ | സഞ്ചയയിൽ വസ്തു നികുതിയായി പോസ്റ്റ് ചെയ്യപ്പെട്ട തുക ₹ |
|---|---|---|---|---|
| 1 | 119020102211/ 11-10-2019 | 4/490 | 591 | 591 |
| 2 | 119020103865/ 25-06-2020 | 4/707/E | 1354 | 1354 |
| 3. | 120020102770/ 12-02-2021 | 9/13 | 265 | 265 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 6/തീയതി. 18.11.2021)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം തെറ്റായി പോസ്റ്റ് ചെയ്ത സംഖ്യകൾ സഞ്ചയയിൽ ക്രമീകരിച്ചു. രസീത് ക്യാൻസൽ ചെയ്ത് കുറവ് വരുത്തിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-17 ആംബുലൻസ് വാടക സ്വീകരിച്ചതിന് രേഖകൾ സൂക്ഷിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം ആംബുലൻസ് വാടകയിനത്തിൽ 2019-20 വർഷം ₹1,00,268/-യും, 2020-21 വർഷത്തിൽ ₹33,136/-യും വരവുണ്ട്. നിലവിൽ വാടകയിനത്തിലുള്ള തുക ആംബുലൻസ് ഡ്രൈവർ സ്വീകരിച്ച് പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ഒടുക്കുന്ന രീതിയാണുള്ളത്. രസീത് ബുക്കും കളക്ഷൻ രജിസ്റ്ററും സൂക്ഷിക്കാത്തതിനാൽ നിലവിൽ സ്വീകരിച്ച തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആംബുലൻസ് ഉപയോഗം സംബന്ധിച്ച ബൈലോ, കമ്മിറ്റി തീരുമാനം എന്നിവ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നം.11/20.11.2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ സ്വീകരിച്ച തുകയ്ക്ക് രസീത് നൽകേണ്ടതും, സ്വീകരിച്ച തുകയുടെയും ഫ്രണ്ട് ഓഫീസിൽ ഒടുക്കിയതിന്റെയും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

താഴെ ചേർത്തിട്ടുള്ള സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ., മൈലാട്ടുംപാറ | 1 & 2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ഓഡിറ്റിനെ തുടർന്ന് അടിസ്ഥാന വസ്തു നികുതി നിരക്കിൽ വന്ന കുറവ് പരിഹരിച്ചു

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകൾ സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് വിജ്ഞാപനം ചെയ്ത അടിസ്ഥാന വസ്തു നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കണ്ടെത്തി.

| ക്രമ നം. | ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നം. | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ് നം./ കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത് പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് | കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് (ച. മീറ്ററിന്) |
|---|---|---|---|---|---|---|---|---|
| 1 | 34 | അഭിലാഷ് വി.ജി | 13/575 | വ്യാപാരം | 43.7 | 20 | 50 | 30 |
| 2 | 28 | മുത്തുമണി | 9/633 | വ്യാപാരം | 101.2 | 8 | 50 | 42 |
| 3 | 35 | ജോൺസൻ ഫിലിപ്പ് | 10/295 | വ്യാപാരം | 48 | 8 | 50 | 42 |
| | | | | | | | | |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 3, തീയതി. 17/11/2021) നൽകിയതിനെ തുടർന്ന് അപാകതകൾ പരിഹരിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 വിവിധ കുടിവെള്ള പദ്ധതികൾ - ലക്ഷ്യം കൈവരിച്ചില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളിൽ കുഴൽ കിണർ നിർമ്മാണം മാത്രം പൂർത്തിയാക്കി പാർട്ട് ബിൽ തുക കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിലാണ്.

1. മൊക്കപ്പാണ്ടി ആട്ടുപാറ കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 231/21 |
| അടങ്കൽ തുക | ₹4,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ബാബു ദേവസ്യ |
| അളവ് ബുക്ക് | 424/20-21 |
| കരാർ നം. | 74/19.01.2019 |
| ബിൽ നം. & തുക | 20100452013301422419/29.03.2021, ₹1,12,057/- |

കുടിവെള്ള നിർമ്മാണ പദ്ധതി പൂർത്തീകരണത്തിനാവശ്യമായ മുഴവൻ പ്രവൃത്തിയിനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയിൽ കുഴൽ കിണർ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പാർട്ട് ബില്ലിനത്തിൽ കരാറുകാരൻ ₹1,12,057/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും പമ്പ് സെറ്റ് സ്ഥാപിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ എന്നിവയുൾപ്പെടെയുള്ള തുടർ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല.

2. ശിങ്കാരിക്കണ്ടം കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 199/21 |
| അടങ്കൽ തുക | ₹3,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| കരാറുകാരൻ | ബിനീഷ് പി. ബി. |
| അളവ് ബുക്ക് | 436/20-21 |
| കരാർ നം. | 78/19.01.2019 |
| ബിൽ നം. & തുക | 20100452013301422449/29.03.2021, ₹99,458/- |

കുഴൽ കിണർ നിർമ്മാണം, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ എന്നീ പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരുന്നത്. കുഴൽ കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച് പാർട്ട് ബിൽ പ്രകാരം കരാറുകാരൻ ₹99,458/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

3. കുഴിത്തൊളു കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 233/21 |
| അടങ്കൽ തുക | ₹200000/-( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ബാബു ദേവസ്യ |
| അളവ് ബുക്ക് | 423/20-21 |
| കരാർ നം. | 92/27.03.2019 |
| ബിൽ നം. & തുക | 20100452013301422404/29.03.2021, ₹1,17,937/- |

കുഴൽ കിണർ നിർമ്മാണം, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ എന്നീ പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരുന്നത്. കുഴൽ കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച് പാർട്ട് ബിൽ പ്രകാരം കരാറുകാരൻ ₹1,17,937/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി-7/19.11.2021) വൈദ്യുതി കണക്ഷന് വേണ്ടി കെ.എസ്.ഇ.ബി.-യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്നും അസി. എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ലക്ഷ്യ പ്രാപ്തി കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 മാർഗ്ഗരേഖ വ്യവസ്ഥ പ്രകാരമുള്ള മുൻകൂർ അനുമതിയില്ലാതെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി

കൃഷി ഓഫീസർ നിർവ്വഹണം രണ്ട് വർഷങ്ങളിലായി നടത്തിയ ജൈവവള വിതരണം പദ്ധതിയുടെ നടത്തിപ്പിൽ അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം./വർഷം | അടങ്കൽ തുക ₹ | ബിൽ നം./തീയതി | തുക ₹ |
|---|---|---|---|
| 53/20, 2019-20 | 3511200 | 19100452010700955655/17.12.2019 | 134000 |
| | | 19100452010700973238/20.12.2019 | 499800 |
| | | 19100452010701004584/28.12.2019 | 499800 |

| | | | |
|---|---|---|---|
| | | 19100452010701004585/28.12.2019 | 499800 |
| | | 19100452010701004587/28.12.2019 | 499800 |
| | | 19100452010701011055/30.12.2019 | 499800 |
| | | 19100452010701418169/06.03.2020 | 400 |
| | | ഗുണഭോക്തൃ വിഹിതം | 877800 |
| 45/21,2020-21 | 3466665 | 20100452010701140322/24.02.2021 | 200000 |
| | | 20100452010701274134/17.03.2021 | 2193000 |
| | | ഗുണഭോക്തൃ വിഹിതം | 731000 |

സ.ഉ.(കൈ) നം.22/2018/തസ്വഭവ./തീ.14.02.2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ക്രമ നമ്പർ 6.1(1)-ൽ, നാമമാത്ര-ചെറുകിട കർഷകർക്കും പാട്ട-തരിശ് ഭൂമി കൃഷിക്കാർക്കും ജൈവവളം നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്.

കരമടച്ച രസീത്, പാട്ടക്കരാർ പോലെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയാൽ മാത്രമേ മേൽ സൂചിത വ്യവസ്ഥ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനാവൂ. ഇക്കാര്യം സൂചിപ്പിച്ചപ്പോൾ നിർവഹണ ഉദ്യോഗസ്ഥ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2019-ലെ 437/2019/LSGD നമ്പർ സർക്കാർ ഉത്തരവ് പകർപ്പ് ഹാജരാക്കുകയുണ്ടായി. ഉടുമ്പൻചോല ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെട്ട ജൈവവള വിതരണം (പ്രൊജക്ട് നം.64/19) എന്ന പദ്ധതി പ്രകാരം പട്ടയം ഇല്ലാത്തവർക്കും ജൈവവളത്തിന് ധനസഹായം നൽകുന്നതിന്, മറ്റ് നിബന്ധനകൾ പാലിക്കണം, കൃഷി ചെയ്യുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തണം എന്നീ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നല്കിയ സർക്കാർ ഉത്തരവാണിതെന്ന് വ്യക്തമായി. പ്രസ്തുത ഉത്തരവ് 2018-19 വർഷത്തേക്ക് മാത്രമാണ് ബാധകമാകുന്നത്. 2019-20, 2020-21 വർഷങ്ങളിലും ഇപ്രകാരമുള്ള മുൻകൂർ അനുമതി ലഭ്യമാക്കേണ്ടിയിരുന്നു. അപ്രകാരം ചെയ്യാത്തതിനാൽ ഫലത്തിൽ മാർഗ്ഗരേഖ വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് മേൽ സൂചിത രണ്ട് പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നത്.

സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് പൊതുനിബന്ധന 2.3-ലുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതികൾക്ക് സാധൂകരണം ലഭ്യമാക്കുന്നതിനോടൊപ്പം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താത്ത പദ്ധതികളുടെ തുടർന്നുള്ള നടത്തിപ്പിന് മുൻകൂർ അനുമതി ലഭ്യമാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-22 ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങി നഷ്ടം - ₹4,939/-

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പദ്ധതി നം./<br>പദ്ധതിയുടെ പേര് | (എ) S0150/2020, ഉടുമ്പൻചോല സ്കൂളിന് കിച്ചൻ ഉപകരണങ്ങൾ വാങ്ങൽ<br>(ബി) S0089/2020, ഉടുമ്പൻചോല ബഡ്സ് സ്കൂളിന് കിച്ചൻ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ/ചെലവ് | (എ) 40000/39981<br>(ബി) 50000/49610 |
| ബിൽ നം./തീയതി | (എ) 19100452010800830832, 22-01-2019<br>(ബി) 19100452010800830829, 16-11-2019 |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതികൾ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സെൻട്രൽ വെസൽസ് രാജകുമാരി എന്ന സ്ഥാപനത്തിൽ നിന്നും അടുക്കള ഉപകരണങ്ങൾ വാങ്ങിയപ്പോൾ ടെണ്ടറിൽ രേഖപ്പെടുത്തിയതിനേക്കാൾ ഉയർന്ന നിരക്ക് നൽകി. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ടെണ്ടറിൽ രേഖപ്പെടുത്തിയ തുക | ഇൻവോയ്സ് നം./ തീയതി | എണ്ണം | ഇൻവോയ്സ് പ്രകാരമുള്ള തുക ₹ | വ്യത്യാസം ₹ | ആകെ ₹കിച്ചൺ |
|---|---|---|---|---|---|
| (എ) ₹51/- | 1051/12.11.2019 | 75 | 99.12 | 48.12 | 3609 |
| (ബി) ₹65/- | 1054/12.11.2019 | 39 | 99.11 | 34.11 | 1330 |
| ആകെ | | | | | 4939 |

ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/17-11-2021) നൽകിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 അംഗൻവാടി കെട്ടിടങ്ങളുടെ വൈദ്യുതീകരണം - കെട്ടിടങ്ങളുടെ വിവരം, വിശദമായ എസ്റ്റിമേറ്റ് എന്നിവയില്ല - ₹3,76,497/- തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ 5 അംഗൻവാടി കെട്ടിടങ്ങളിൽ വൈദ്യുതീകരണത്തിനായി 2019-20-ൽ ആവിഷ്കരിച്ച് 2020-21-ൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് പ്രകാരം 5 അംഗൻവാടി കെട്ടിടങ്ങൾക്കായി ₹3,76,497/- ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റിന്റെ പേര് | ബിൽ നം./തീയതി | ഫണ്ട് | തുക (₹) |
|---|---|---|---|
| അംഗൻവാടി വൈദ്യുതീകരണം (189/2021) | 20100452013100118565/ 29.04.2021 | വികസന ഫണ്ട്- പൊതുവിഭാഗം | 376497 |

ഫയൽ പരിശോധിച്ചതിൽ ഉടുമ്പൻചോല, പാമ്പുപാറ, മാനത്തോട്, പാറത്തോട്, തിങ്കൾക്കാട്ടുകടി എന്നീ അംഗൻവാടി കെട്ടിടങ്ങളിലാണ് വൈദ്യുതീകരണ ജോലികൾ നടത്തിയതെന്ന വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിവിധ കെട്ടിടങ്ങളുടെ വൈദ്യുതീകരണത്തിനായി ഒറ്റ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഓരോ കെട്ടിടത്തിലും ചെയ്ത പ്രവൃത്തികൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ എം. ബുക്കിലും നടത്തിയിട്ടില്ല. അതിനാൽ, ആകെ വൈദ്യുതീകരിച്ച കെട്ടിങ്ങളുടെ വിവരം, ഓരോ കെട്ടിടത്തിലും ചെയ്ത പ്രവൃത്തികൾ, എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ ഉടങ്ങിയ വിവരങ്ങൾ വ്യക്തമല്ല. ഇപ്രകാരം ക്രമവിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, വൈദ്യുതി കണക്ഷൻ ലഭിച്ച വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. പ്രോജക്റ്റിനായി ചെലവഴിച്ച ₹3,76,497/- തടസ്സപ്പെടുത്തുന്നു.

1-24 അംഗീകാരം ലഭിച്ച പദ്ധതിയിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി റീടെണ്ടർ ചെയ്തു നൽകിയില്ല

1. ചതുരംഗപ്പാറ-മണത്തോട് റോഡ് മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ട് നം. | 64/20 |
| അടങ്കൽ തുക | ₹10,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ഉടുമ്പഞ്ചോല ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |
| അളവ് ബുക്ക് | 29/20-21 |

| | |
|---|---|
| ബിൽ നം./തീയതി & തുക | 20100452013300445320/19.08.2020, ₹9,49,079/- |
| കരാർ നം. | 29/01.11.2019 |

ചതുരംഗപ്പാറ-മണത്തോട് റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏറ്റെടുത്തിരുന്നത് ₹8,47,392/- ക്വോട്ട് ചെയ്തിരുന്ന ഉടുമ്പഞ്ചോല ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയായിരുന്നു. അംഗീകാരം ലഭിച്ച പദ്ധതിയിൽ റോഡ് ടാറിംഗ് പ്രവൃത്തികൾ മാത്രമായിരുന്നു ഉൾപ്പെട്ടിരുന്നത്. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം ടാറിംഗ് പ്രവൃത്തികൾ ഒഴിവാക്കി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കി.

2. ആലപ്പാടി-സ്ലീവാമല റോഡ്

| | |
|---|---|
| പ്രോജക്ട് നം. | 67/20 |
| അടങ്കൽ തുക | ₹13,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. ജൂബിൻ കെ. ജെ. |
| അളവ് ബുക്ക് | 424/2019-20 |
| കരാർ നം. | 5/17.10.2019 |
| ബിൽ നം./തീയതി & തുക | 20100452013301605876/26.03.2020, ₹3,40,247/-<br>20100452013300776693/20.05.2020, ₹8,50,153/- |

ഏറ്റവും കുറഞ്ഞ തുകയായ ₹10,62,917/-ക്വോട്ട് ചെയ്ത ശ്രീ. ജൂബിൻ കെ. ജെ. എന്ന കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ടതിന് ശേഷം കരാർ പ്രകാരമുള്ള ടാറിംഗ് പ്രവൃത്തികൾ ഒഴിവാക്കി കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി.

രണ്ട് പ്രവൃത്തികളിലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ റീടെണ്ടർ ചെയ്ത് നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ മിക്ക റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 10% മുതൽ 20% വരെ ടെണ്ടർ കിഴിവിലാണ് കരാറുകാർ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. കരാറുകാരുമായി എഗ്രിമെന്റിലേർപ്പട്ടതിന് ശേഷം വ്യക്തമായ കാരണം കൂടാതെ കരാറുകാർക്ക് അനുകൂലമായ വിധത്തിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ ഘടനാപരമായ മാറ്റം വരുത്തുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. എസ്റ്റിമേറ്റിൽ ഘടനാപരമായ മാറ്റങ്ങളുണ്ടാകുന്ന സാഹര്യങ്ങളിൽ പദ്ധതികൾ റീടെണ്ടർ ചെയ്ത് നൽകാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-25 നിലാവ് പദ്ധതിയുടെ ഉദ്ഘാടനത്തിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം തുക നല്കി

19.02.2021ലെ സ.ഉ.(സാധാ)496/2021/തസ്വഭവ. പ്രകാരം നിലാവ് പദ്ധതിയുടെ ഉദ്ഘാടന ചടങ്ങുകൾക്ക് പരമാവധി ₹30,000/- ചെലവഴിക്കുവാനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നിലാവ് പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സ്റ്റേജ്, പന്തൽ എന്നിവ നിർമ്മിച്ചതിനും മൈക്ക് അനൗൺസ്മെന്റ്, എൽ.ഇ.ഡി. ഡിസ്പ്ലേ എന്നിവയ്ക്കുമായി ₹47,940/- (നാല്പത്തി എഴായിരത്തി തൊള്ളായിരത്തി നാൽപത് രൂപ മാത്രം) ചുവടെ കൊടുത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം നല്കിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക (₹) | ഇനം | ചെക്ക് നം./ തിയതി | തുക നൽകിയ സ്ഥാപനം/വ്യക്തി |
|---|---|---|---|---|---|---|
| 1 | 22000919 | 25.02.2021 | 18000 | എൽ.ഇ.ഡി. ഡിസ്പ്ലേ | 3162/25.02.2021 | ജോയിസ് ഇലക്ട്രോണിക്സ് & വാച്ച് ഹൗസ്, രാജകുമാരി |

| | | | | | | |
|---|---|---|---|---|---|---|
| 2 | 22000920 | 23.02.2021 | 5140 | ഫ്ലക്സ് | 3163/23.02.2021 | സി-സാക് കമ്പ്യൂട്ടേഴ്സ്, നെടുങ്കണ്ടം |
| 3 | 22000972 | 10.03.2021 | 6000 | സ്റ്റേജ് | 3173/10.03.2021 | മരിയൻ ഡെക്കറേഷൻസ്, ചെമ്മണ്ണാർ |
| 4 | 22000981 | 10.03.2021 | 10500 | മൈക്ക് സെറ്റ്, ജനറേറ്റർ | 3179/13.03.2021 | ക്ലാരിറ്റി സൗണ്ടസ്, ശാന്തൻപാറ |
| 5 | 22000992 | 26.03.2021 | 8300 | നോട്ടീസ്, ക്ലോത്ത് ബാനർ | 1122/19.03.2021 | സൂം സ്റ്റുഡിയോ, പാറത്തോട് |
| | ആകെ | | 47940 | | | |

അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/തീ.19.11.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം ചെലവഴിച്ച ₹17,940/- തടസ്സപ്പെടുത്തുന്നു.

1-26 മാനദണ്ഡങ്ങൾ പാലിക്കാതെ സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചു

ഗ്രാമപഞ്ചായത്തിന്റെ 14 വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2020-21-ൽ ആവിഷ്കരിച്ച് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹3,83,486/- ചെലഴിച്ചിട്ടുണ്ട്. എന്നാൽ, മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

| പ്രോജക്ടിന്റെ പേര് | ചെക്ക് നം./തിയതി | ഫണ്ട് | തുക (₹) |
|---|---|---|---|
| സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ (20/2021) | 20100452013101020362/ 01.02.2021 | വികസന ഫണ്ട്-പൊതുവിഭാഗം | 383486 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിലെ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. അനർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ച് നൽകുന്നതിന് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനർട്ട് എക്സ്പ്രഷൻ ഓഫ് ഇൻട്രസ്റ്റ് ക്ഷണിച്ച് എം-പാനൽ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. അനർട്ട് എം-പാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് എം-പാനൽ ഉത്തരവിൽ സമ്മതിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനുള്ള മോഡൽ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനാണ് അനുമതി ഉള്ളതെന്നിരിക്കെ, ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിൽ Eocmate Solutions, Perumbavoor എന്ന സ്ഥാപനം മാത്രമാണ് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് എം-പാനൽ ചെയ്തിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളത്. എന്നാൽ, കുറവ് തുക ക്വോട്ട് ചെയ്ത നിർമ്മല ബാറ്ററീസ്, കട്ടപ്പന എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 27.10.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-25 തീരുമാനപ്രകാരം അംഗീകരിച്ച് സ്ഥാപനവുമായി 13.11.2020-ൽ കരാർ വെച്ചു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ ഖണ്ഡിക 7.1 പ്രകാരം വിവിധ മോഡലുകൾക്ക് ബാധകമായ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്, ലൂമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നീ സ്പെസിഫിക്കേഷനുകൾ, ചുവടെ കൊടുക്കുന്നു.

| മോഡൽ നം. | ഇനം | സോളാർ പാനൽ | ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം | ലൂമിനി (+25% അനുവദനീയം | പോസ്റ്റിന്റ ഉയരം | അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പടെ (₹) |
|---|---|---|---|---|---|---|
| മോഡൽ 1 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 75 W | 250 Wh Lithium Ferro Phophate | 8 W | Height-4 M, Dia- 3 Inch | 35, 625 |
| മോഡൽ 2 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 150 W | 768 Wh Lithium Ferro Phophate | 20 W | Height-4 M, Dia- 4 Inch | 71,250 |
| മോഡൽ 3 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 200 W | 1152 Wh Lithium Ferro Phophate | 36 W | Height-5 M, Dia- 4 Inch | 95,000 |
| മോഡൽ 4 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 600 W | 3072 Wh Lithium Ferro Phophate | 24 W 4 സെറ്റ് | Octagonal, Dia- 6 Inch | 2,85,000 |

സർക്കുലറിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് കൃത്യമായ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുകയും എം-പാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് ഓരോ ഇനവും സപ്ലൈ ചെയ്യുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കമ്പനി, മോഡൽ, സ്റ്റാൻഡേർഡുകൾ, പരമാവധി നിരക്ക് എന്നിവ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള സ്ഥാപനത്തിൽ നിന്നല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി (ഇലക്ട്രിക്കൽ) തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അനർട്ട് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷന്റെ പകർപ്പ് മാത്രമാണ്. സാങ്കേതികമായി ഒരു മാറ്റവും വരുത്താതെ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ 3 ശതമാനം തുക കൺസൾട്ടേഷനും സൂപ്പർവിഷനുമായി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്.

06.02.2018-ലെ സ.ഉ(സാധാ)നം.348/2018/തസ്വഭവ. പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും ജില്ലാ എഞ്ചിനീയർ അനർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവർ അംഗങ്ങളുമായി രൂപീകരിക്കുന്ന കമ്മിറ്റി അക്ഷയോർജ്ജ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ല പ്രോജക്ട് നടപ്പാക്കിയത്. അക്ഷയോർജ്ജ പദ്ധതികൾക്കുള്ള കമ്മിറ്റിയ്ക്ക് പകരം ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയാണ് പ്രോജക്ടിന് സാങ്കേതികാനുമതി നൽകുകയും മറ്റും ചെയ്തിട്ടുള്ളത്. ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ ചാർജ്ജായി ₹14,415/-യും ചെക്ക് മെഷർമെന്റ് ചാർജ്ജായി ₹4,805/-യും അധികം നൽകിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനർട്ട് നിശ്ചയിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനും നിർമ്മല

ബാറ്ററീസ്, കട്ടപ്പന എന്ന സ്ഥാപനം സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനും ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യസമുണ്ട്.

| ഇനം | അനർട്ട് | നിർമ്മല ബാറ്ററീസ് |
|---|---|---|
| സോളാർ പാനൽ | 75 WP | 5V/60W |
| ബാറ്ററി | 250 Wh | 3.2V/70AH |
| ലൂമിനാരി | 8 W | വ്യക്തമല്ല |
| ലൂമൻ | - | 4500 |
| എൽ.ഇ.ഡി | 150 ലൂമൻ/വാട്ട് | 30W |

എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള സോളാർ ലൈറ്റുകൾ സ്ഥാപിച്ചു, എന്ന് രേഖപ്പെടുത്തിയാണ് മെഷർമെന്റ് ബുക്കിലും ബില്ലിലും ജില്ലാതല ടെക്നിക്കൽ കമ്മിറ്റി രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് നടത്തിയിട്ടുള്ളത്. എന്നാൽ, സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനുകൾ വ്യത്യസ്തമാണ്. അനർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല ബിൽ മാറി നൽകിയിട്ടുള്ളത്. അനർട്ട് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങൾ നിശ്ചിത സ്പെസിഫിക്കേഷനിലും BIS സ്റ്റാൻഡേർഡിലുമുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് അംഗീകാരം നൽകി എസ്റ്റിമേറ്റിന്റെ 3 ശതമാനവും ചെക്ക് മെഷർമെന്റിന് 1 ശതമാനവും പ്രതിഫലവും കൈപ്പറ്റിയ ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി തെരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറ് മരങ്ങളുടെയോ മറ്റ് കെട്ടിടങ്ങളുടെയോ നിഴൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ പതിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിബന്ധകൾ പാലിക്കാതെയാണ് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്. സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കകൾ പ്രവർത്തനരഹിതമോ ആവശ്യത്തിന് ലൂമിനി ഇല്ലാത്തോ ആണെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8/19.11.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി, പ്രോജക്ടിൽ നിന്നും വ്യതിചലിച്ച്, അംഗീകാരമില്ലാത്ത സ്ഥാപനം മുഖേനയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. നിർമ്മല ബാറ്ററീസ്, കട്ടപ്പന സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനുകളും നിരക്കും അനർട്ട് പോലെ, ക്ഷമതയുള്ള ഏജൻസിയെ കൊണ്ട് പരിശോധിപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ടെങ്കിൽ നിർണ്ണയിച്ച് ഉത്തരവാദിയായ ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മാനദണ്ഡ പ്രകാരമല്ലാതെ ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റി കൈപ്പറ്റിയ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ എന്നിവയുടെ ചാർജ്ജ് ₹14,415/-യും ചെക്ക് മെഷർമെന്റ് ചാർജ്ജ് ₹4,805/-യും തിരികെ ഈടാക്കേണ്ടതാണ്. നിരാകരണ തുകയായ ₹19,220/- കിഴിച്ച് അവശേഷിക്കുന്ന പദ്ധതി ചെലവായ ₹3,64,266/- തടസ്സപ്പെടുത്തുന്നു.

### 1-27 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 14 വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2019-20-ൽ ആവിഷ്കരിച്ച് 2020-21-ൽ സെക്രട്ടറി നടപ്പാക്കിയ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2,39,445/- ചെലഴിച്ചിട്ടുണ്ട്. എന്നാൽ, മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

| പ്രോജക്ടിന്റെ പേര് | ബിൽ നം/തിയതി | ഫണ്ട് | തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ (181/2021) | 20100452013101000275/ 29.03.2021 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 239445 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിലെ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. അനർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ച് നൽകുന്നതിന് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ മാത്രം പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനർട്ട് എക്സ്പ്രഷൻ ഓഫ് ഇൻടറസ്റ്റ് ക്ഷണിച്ച് എം-പാനൽ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. അനർട്ട് എം-പാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് എം-പാനൽ ഉത്തരവിൽ സമ്മതിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനുള്ള മോഡൽ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിൽ അനർട്ട് എം-പാനൽ ചെയ്തിട്ടുള്ള Eocmate Solutions, Perumbavoor എന്ന സ്ഥാപനമാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്.

06.02.2018-ലെ സ.ഉ(സാധാ)നം.348/2018/തസ്വഭവ. പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും ജില്ലാ എഞ്ചിനീയർ അനർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവർ അംഗങ്ങളുമായി രൂപീകരിക്കുന്ന കമ്മിറ്റി അക്ഷയോർജ്ജ പ്രോജക്റ്റുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രോജക്റ്റിന്റെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ല പ്രോജക്റ്റ് നടപ്പാക്കിയത്. അക്ഷയോർജ്ജ പദ്ധതിക്കുള്ള കമ്മിറ്റിയ്ക്ക് പകരം ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയാണ് പ്രോജക്റ്റിന് സാങ്കേതികാനുമതി നൽകുകയും മറ്റും ചെയ്തിട്ടുള്ളത്. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അനർട്ട് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷന്റെ പകർപ്പ് മാത്രമാണ്. സാങ്കേതികമായി ഒരു മാറ്റവും വരുത്താതെ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ 3 ശതമാനം തുക കൺസൾട്ടേഷനും സൂപ്പർവിഷനുമായി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി (ഇലക്ട്രിക്കൽ) എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ ചാർജ്ജായി ₹12,965/-യും ചെക്ക് മെഷർമെന്റ് ചാർജ്ജായി ₹4,320/-യും അധികം നൽകിയിട്ടുണ്ട്.

മാനദണ്ഡ പ്രകാരമല്ലാതെ ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റി കൈപ്പറ്റിയ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ എന്നിവയുടെ ചാർജ്ജ് ₹12,965/-യും ചെക്ക് മെഷർമെന്റ് ചാർജ്ജ് ₹4,320/-യും തിരികെ ഈടാക്കേണ്ടതാണ്. നിരാകരണ തുകയായ ₹17,285/- കിഴിച്ച് അവശേഷിക്കുന്ന പദ്ധതി ചെലവായ ₹2,22,160/- തടസ്സപ്പെടുത്തുന്നു.

1-28 എസ്.എസ്.എ. വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി എസ്.എസ്.എ. വിഹിതം അടയ്ക്കൽ എന്ന പ്രോജക്റ്റിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹6,00,000/- പിൻവലിച്ച് സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ പേര് | ബിൽ നം/തിയതി | ഫണ്ട് | തുക (₹) |
|---|---|---|---|
| എസ്.എസ്.എ വിഹിതം അടയ്ക്കൽ | 20100452013100453406/ | വികസന ഫണ്ട് | 600000 |

| | | | |
|---|---|---|---|
| (01/2020) | 20.08.2020 | (പൊതുവിഭാഗം) | |

29.01.2018-ലെ സ.ഉ(കൈ) നം.11/2018/തസ്വഭവ.-യിലെ ഖണ്ഡിക 7.6(3) പ്രകാരം എ.എസ്.എ., ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളതല്ലാതെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ. പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം എ.എസ്.എ. പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെയും ഗ്രാമപഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ, വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ലഭ്യമല്ലാത്തതിനാൽ എസ്.എസ്.എ. പ്രോജക്ടിനായി ചെലവഴിച്ച ₹6,00,000/- തടസ്സപ്പെടുത്തുന്നു.

1-29 പൊതു ടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക നിലനിർത്തി തൻമാസ തുക മാത്രം അടച്ചുവരുന്നു

പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം നിലവിൽ ₹4,813/- ആണ്. 2019-20 വർഷം ജൂലൈ മുതൽക്കാണ് വെള്ളക്കരം മുടക്കം കൂടാതെ അടച്ചിട്ടുള്ളതായി കാണുന്നത്. ജൂൺ മാസം വരെയുള്ള കുടിശികയും പിഴയും ഉൾപ്പെടെ ₹28,550/-ന്റെ പ്രസ്തുത ബില്ലിൽ ₹4,813/- മാത്രമാണ് ടി വൗച്ചർ മുഖേന ഒടുക്ക് വരുത്തിയിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിലും കുടിശ്ശിക ഒടുക്കാതെ തൻമാസ തുക മാത്രം ഒടുക്കിയിട്ടുള്ളതായി കാണുന്നു. ഈ നടപടി കുടിശ്ശികയുടെയും പിഴയുടെയും വർദ്ധനവിന് കാരണമാകുന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു (ഉദാ. മാർച്ച് 2020-21-ലെ ബിൽ നം.50326. തീ.12.03.2021 പ്രകാരം കുടിശിക ₹33,611/-ഉം പിഴ ₹659/-ഉം ആയി വർദ്ധിച്ചിരിക്കുന്നു). കുടിശിക യഥാർത്ഥത്തിലുള്ളതാണെങ്കിൽ അത് ഒടുക്കിയും ബില്ലിലെ പിശകാണെങ്കിൽ അതിന് താമസംവിനാ പരിഹാരം നേടി ഭാവിയിലുണ്ടാകാനിടയുള്ള അധിക ബാധ്യതയിൽ നിന്നും ഒഴിവാകുവാനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-30 ഹരിതചോല പദ്ധതി പരാജയം - പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ചെലവ്

പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനം, സൗന്ദര്യവത്കരണം എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി 'ഹരിതചോല' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കാൻ പഞ്ചായത്ത് കമ്മിറ്റി 04.09.2019-ൽ 1(11) ആയി തീരുമാനമെടുത്ത് തുടർ നടപടികൾക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയുടെ ആവർത്തന ചെലവുകൾ 2020-21-ൽ താഴെ കൊടുത്തിട്ടുള്ളത് പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| വൗച്ചർ നം. | തീയതി | തുക (₹) | ഇനം |
|---|---|---|---|
| 22000063 | 23.04.2020 | 5135 | ഇന്ധന ചെലവ് |
| 22000064 | 23.04.2020 | 7800 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000093 | 06.05.2020 | 7800 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000123 | 27.05.2020 | 7700 | ഇന്ധന ചെലവ് |
| 22000124 | 27.05.2020 | 9000 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000125 | 27.05.2020 | 8765 | ഇന്ധന ചെലവ് |
| 22000171 | 04.06.2020 | 9600 | അരളി ചെടികൾ സംരക്ഷണം-വേതനം |

| | | | |
|---|---|---|---|
| 22000196 | 17.06.2020 | 7900 | ഇന്ധന ചെലവ് |
| 22000197 | 17.06.2020 | 9000 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000215 | 02.07.2020 | 3950 | ബ്രഷ് കട്ടർ-റിപ്പയർ |
| 22000249 | 06.07.2020 | 9000 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000275 | 15.07.2020 | 6068 | ഇന്ധന ചെലവ് |
| 22000277 | 15.07.2020 | 9000 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000357 | 27.07.2020 | 9600 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000405 | 06.09.2020 | 8400 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000472 | 12.09.2020 | 7200 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000474 | 12.09.2020 | 2219 | ബ്രഷ് കട്ടർ-റിപ്പയർ |
| 22000475 | 12.09.2020 | 7882 | ഇന്ധന ചെലവ് |
| 22000476 | 12.09.2020 | 800 | ബ്രഷ് കട്ടർ-റിപ്പയർ |
| 22000537 | 20.10.2020 | 12600 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000541 | 20.10.2020 | 1480 | ബ്രഷ് കട്ടർ-റിപ്പയർ |
| 22000591 | 02.11.2020 | 6600 | ബ്രഷ് കട്ടർ-റിപ്പയർ |
| 22000674 | 18.12.2020 | 4588 | ഇന്ധന ചെലവ് |
| 22000707 | 23.12.2020 | 9000 | അരളി ചെടികൾ സംരക്ഷണം-വേതനം |
| 22000769 | 08.01.2021 | 9000 | അരളി ചെടികൾ സംരക്ഷണം-വേതനം |
| | ആകെ | 180087 | |

പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് ഇത്രയും ബൃഹത്തായ ഒരു പദ്ധതി നടപ്പാക്കുന്നതിനായി ഏതെങ്കിലും വിധത്തിലുള്ള പഠനം നടത്തുകയോ വിശദമായ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയോ അതുമല്ലെങ്കിൽ സർക്കാർ അനുമതി നേടുകയോ ചെയ്യാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടക്കാത്തതിനാൽ പാതയോരത്തിന്റെ ഇരുവശവും കാട് കയറിയിരിക്കുന്നു. കൂടാതെ, അരളി ചെടികൾ സാമൂഹ്യ വിരുദ്ധർ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചെടികളുടെ പരിപാലനത്തിനായി വാങ്ങിയ ഉപകരണങ്ങൾ നാശോന്മുഖമായിരിക്കുകയാണ്. ദീർഘ വീക്ഷണമില്ലാതെ നടപ്പാക്കിയ പ്രോജക്ട് പഞ്ചായത്തിന് പാഴ്ചെലവായി പരിണമിച്ചിരിക്കുന്നു. ആവശ്യമായ അനുമതികൾ കൂടാതെ പദ്ധതി നടപ്പാക്കിയതിനാൽ ₹1,80,087/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 നിലാവ് പദ്ധതി - കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ച തുകയുടെ തുടർ പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല

നിലാവ് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് ഓട്ടോമാറ്റിക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 15.02.2021-ലെ 1-8 പ്രകാരം തീരുമാനിച്ചിരുന്നു. കെ.എസ്.ഇ.ബി. ഉടുമ്പൻചോല സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 08.03.2021-ലെ ഡി.ബി.-20-Streetlight-Nilavu/2020-21/AE/ES/ULDA/354 കത്തിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം.22000977/10.03.2021 പ്രകാരം ₹44,054/- പിൻവലിച്ച് കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, തുടർ പ്രവർത്തനങ്ങൾ നടത്തി കെ.എസ്.ഇ.ബി. പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽ, നിലാവ് പദ്ധതിക്കായി ചെലവഴിച്ച ₹44,054/-തടസ്സപ്പെടുത്തുന്നു. നിലാവ് പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങി നഷ്ടം ₹4,939/-

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പദ്ധതി നം./<br>പദ്ധതിയുടെ പേര് | (എ) S0150/2020, ഉടുമ്പൻചോല സ്കൂളിന് കിച്ചൻ ഉപകരണങ്ങൾ വാങ്ങൽ<br>(ബി) S0089/2020, ഉടുമ്പൻചോല ബഡ്സ് സ്കൂളിന് കിച്ചൻ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ/ചെലവ് | (എ) 40000/39981<br>(ബി) 50000/49610 |
| ബിൽ നം./തീയതി | (എ) 19100452010800830832, 22-01-2019<br>(ബി) 19100452010800830829, 16-11-2019 |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതികൾ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സെൻട്രൽ വെസൽസ് രാജകുമാരി എന്ന സ്ഥാപനത്തിൽ നിന്നും അടുക്കള ഉപകരണങ്ങൾ വാങ്ങിയപ്പോൾ ടെണ്ടറിൽ രേഖപ്പെടുത്തിയതിനേക്കാൾ ഉയർന്ന നിരക്ക് നൽകി. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ടെണ്ടറിൽ രേഖപ്പെടുത്തിയ തുക | ഇൻവോയ്സ് നം./ തീയതി | എണ്ണം | ഇൻവോയ്സ് പ്രകാരമുള്ള തുക ₹ | വ്യത്യാസം ₹ | ആകെ ₹കിച്ചൺ |
|---|---|---|---|---|---|
| (എ) ₹51/- | 1051/12.11.2019 | 75 | 99.12 | 48.12 | 3609 |
| (ബി) ₹65/- | 1054/12.11.2019 | 39 | 99.11 | 34.11 | 1330 |
| ആകെ | | | | | 4939 |

ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന തുക നൽകിയതിന് വിശദീകരണം ആശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/17-11-2021) നൽകിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 മാനദണ്ഡങ്ങൾ പാലിക്കാതെ സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചു

ഗ്രാമപഞ്ചായത്തിന്റെ 14 വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2020-21-ൽ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹3,83,486/- ചെലഴിച്ചിട്ടുണ്ട്. എന്നാൽ, മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

| പ്രോജക്ടിന്റെ പേര് | ചെക്ക് നം./തിയതി | ഫണ്ട് | തുക (₹) |
|---|---|---|---|
| സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ (20/2021) | 20100452013101020362/ 01.02.2021 | വികസന ഫണ്ട്- പൊതുവിഭാഗം | 383486 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിലെ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. അനർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ച് നൽകുന്നതിന് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനർട്ട് എക്സ്പ്രഷൻ ഓഫ് ഇൻട്രസ്റ്റ് ക്ഷണിച്ച് എം-പാനൽ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. അനർട്ട് എം-പാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് എം-പാനൽ ഉത്തരവിൽ സമ്മതിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനുള്ള മോഡൽ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനാണ് അനുമതി ഉള്ളതെന്നിരിക്കെ, ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിൽ Eocmate Solutions, Perumbavoor എന്ന സ്ഥാപനം മാത്രമാണ് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് എം-പാനൽ ചെയ്തിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളത്. എന്നാൽ, കുറവ് തുക ക്വോട്ട് ചെയ്ത നിർമ്മല ബാറ്ററീസ്, കട്ടപ്പന എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 27.10.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-25 തീരുമാനപ്രകാരം അംഗീകരിച്ച് സ്ഥാപനവുമായി 13.11.2020-ൽ കരാർ വെച്ചു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ ഖണ്ഡിക 7.1 പ്രകാരം വിവിധ മോഡലുകൾക്ക് ബാധകമായ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്, ലൂമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നീ സ്പെസിഫിക്കേഷനുകൾ, ചുവടെ കൊടുക്കുന്നു.

| മോഡൽ നം. | ഇനം | സോളാർ പാനൽ | ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം | ലൂമിനി (+25% അനുവദനീയം | പോസ്റ്റിന്റെ ഉയരം | അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പടെ (₹) |
|---|---|---|---|---|---|---|
| മോഡൽ 1 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 75 W | 250 Wh Lithium Ferro Phophate | 8 W | Height-4 M, Dia- 3 Inch | 35, 625 |
| മോഡൽ | സോളാർ | 150 W | 768 Wh Lithium | 20 W | Height-4 M, | 71,250 |

| | | | | | | |
|---|---|---|---|---|---|---|
| 2 | സ്ലീറ്റ് ലൈറ്റ് | | Ferro Phophate | | Dia- 4 Inch | |
| മോഡൽ 3 | സോളാർ സ്ലീറ്റ് ലൈറ്റ് | 200 W | 1152 Wh Lithium Ferro Phophate | 36 W | Height-5 M, Dia- 4 Inch | 95,000 |
| മോഡൽ 4 | സോളാർ സ്ലീറ്റ് ലൈറ്റ് | 600 W | 3072 Wh Lithium Ferro Phophate | 24 W 4 സെറ്റ് | Octagonal, Dia- 6 Inch | 2,85,000 |

സർക്കലറിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് കൃത്യമായ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുകയും എം-പാനൽ ചെയ്ത സ്ഥാഅടുക്കളപനങ്ങൾക്ക് ഓരോ ഇനവും സപ്ലൈ ചെയ്യുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കമ്പനി, മോഡൽ, സ്റ്റാൻഡേർഡുകൾ, പരമാവധി നിരക്ക് എന്നിവ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള സ്ഥാപനത്തിൽ നിന്നല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി (ഇലക്ട്രിക്കൽ) തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അനർട്ട് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷന്റെ പകർപ്പ് മാത്രമാണ്. സാങ്കേതികമായി ഒരു മാറ്റവും വരുത്താതെ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ 3 ശതമാനം തുക കൺസൾട്ടേഷനും സൂപ്പർവിഷനുമായി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്.

06.02.2018-ലെ സ.ഉ(സാധാ)നം.348/2018/തസ്വഭവ. പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും ജില്ലാ എഞ്ചിനീയർ അനർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവർ അംഗങ്ങളുമായി രൂപീകരിക്കുന്ന കമ്മിറ്റി അക്ഷയോർജ്ജ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ല പ്രോജക്ട് നടപ്പാക്കിയത്. അക്ഷയോർജ്ജ പദ്ധതികൾക്കുള്ള കമ്മിറ്റിയ്ക്ക് പകരം ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയാണ് പ്രോജക്ടിന് സാങ്കേതികാനുമതി നൽകുകയും മറ്റും ചെയ്തിട്ടുള്ളത്. ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ ചാർജ്ജായി ₹14,415/-യും ചെക്ക് മെഷർമെന്റ് ചാർജ്ജായി ₹4,805/-യും അധികം നൽകിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനർട്ട് നിശ്ചയിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനും നിർമ്മല ബാറ്ററീസ്, കട്ടപ്പന എന്ന സ്ഥാപനം സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനും ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യസമുണ്ട്.

| ഇനം | അനർട്ട് | നിർമ്മല ബാറ്ററീസ് |
|---|---|---|
| സോളാർ പാനൽ | 75 WP | 5V/60W |
| ബാറ്ററി | 250 Wh | 3.2V/70AH |
| ലൂമിനാരി | 8 W | വ്യക്തമല്ല |
| ലൂമൻ | - | 4500 |
| എൽ.ഇ.ഡി | 150 ലൂമൻ/വാട്ട് | 30W |

എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള സോളാർ ലൈറ്റുകൾ സ്ഥാപിച്ചു, എന്ന് രേഖപ്പെടുത്തിയാണ് മെഷർമെന്റ് ബുക്കിലും ബില്ലിലും ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റി രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് നടത്തിയിട്ടുള്ളത്. എന്നാൽ, സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനുകൾ വ്യത്യസ്തമാണ്. അനർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല ബിൽ മാറി നൽകിയിട്ടുള്ളത്. അനർട്ട് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങൾ നിശ്ചിത സ്പെസിഫിക്കേഷനിലും BIS സ്റ്റാൻഡേർഡിലുമുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് അംഗീകാരം നൽകി എസ്റ്റിമേറ്റിന്റെ 3 ശതമാനവും ചെക്ക് മെഷർമെന്റിന് 1 ശതമാനവും പ്രതിഫലവും കൈപ്പറ്റിയ ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി തെരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറ് മരങ്ങളുടെയോ മറ്റ് കെട്ടിടങ്ങളുടെയോ നിഴൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ പതിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിബന്ധകൾ പാലിക്കാതെയാണ് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്. സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ പ്രവർത്തനരഹിതമോ ആവശ്യത്തിന് ലൂമിനി ഇല്ലാത്തോ ആണെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8/19.11.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി, പ്രോജക്ടിൽ നിന്നും വ്യതിചലിച്ച്, അംഗീകാരമില്ലാത്ത സ്ഥാപനം മുഖേനയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. നിർമ്മല ബാറ്ററീസ്, കട്ടപ്പന സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനുകളും നിരക്കും അനർട്ട് പോലെ, ക്ഷമതയുള്ള ഏജൻസിയെ കൊണ്ട് പരിശോധിപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ടെങ്കിൽ നിർണ്ണയിച്ച് ഉത്തരവാദിയായ ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മാനദണ്ഡ പ്രകാരമല്ലാതെ ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റി കൈപ്പറ്റിയ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ എന്നിവയുടെ ചാർജ്ജ് ₹14,415/-യും ചെക്ക് മെഷർമെന്റ് ചാർജ്ജ് ₹4,805/-യും തിരികെ ഈടാക്കേണ്ടതാണ്. നിരാകരണ തുകയായ ₹19,220/- കിഴിച്ച് അവശേഷിക്കുന്ന പദ്ധതി ചെലവായ ₹3,64,266/- തടസ്സപ്പെടുത്തുന്നു.

## 3-3 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 14 വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2019-20-ൽ ആവിഷ്കരിച്ച് 2020-21-ൽ സെക്രട്ടറി നടപ്പാക്കിയ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2,39,445/- ചെലഴിച്ചിട്ടുണ്ട്. എന്നാൽ, മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

| പ്രോജക്ടിന്റെ പേര് | ബിൽ നം/തിയതി | ഫണ്ട് | തുക (₹) |
|---|---|---|---|
| സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ (181/2021) | 20100452013101000275/ 29.03.2021 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 239445 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിലെ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. അനർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ച് നൽകുന്നതിന് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനർട്ട് എക്സ്പ്രഷൻ ഓഫ് ഇൻടസ്റ്റ് ക്ഷണിച്ച് എം-പാനൽ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. അനർട്ട് എം-പാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് എം-പാനൽ ഉത്തരവിൽ സമ്മതിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനുള്ള മോഡൽ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനാണ് അനുമതി

നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിൽ അനർട്ട് എം-പാനൽ ചെയ്തിട്ടുള്ള Eocmate Solutions, Perumbavoor എന്ന സ്ഥാപനമാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്.

06.02.2018-ലെ സ.ഉ(സാധാ)നം.348/2018/തസ്വഭവ. പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും ജില്ലാ എഞ്ചിനീയർ അനർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവർ അംഗങ്ങളുമായി രൂപീകരിക്കുന്ന കമ്മിറ്റി അക്ഷയോർജ്ജ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ല പ്രോജക്ട് നടപ്പാക്കിയത്. അക്ഷയോർജ്ജ പദ്ധതിക്കുള്ള കമ്മിറ്റിയ്ക്ക് പകരം ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയാണ് പ്രോജക്ടിന് സാങ്കേതികാനുമതി നൽകുകയും മറ്റും ചെയ്തിട്ടുള്ളത്. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അനർട്ട് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷന്റെ പകർപ്പ് മാത്രമാണ്. സാങ്കേതികമായി ഒരു മാറ്റവും വരുത്താതെ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ 3 ശതമാനം തുക കൺസൽട്ടേഷനും സൂപ്പർവിഷനുമായി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി (ഇലക്ട്രിക്കൽ) എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ ചാർജ്ജായി ₹12,965/-യും ചെക്ക് മെഷർമെന്റ് ചാർജ്ജായി ₹4,320/-യും അധികം നൽകിയിട്ടുണ്ട്.

മാനദണ്ഡ പ്രകാരമല്ലാതെ ജില്ലാതല ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റി കൈപ്പറ്റിയ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ എന്നിവയുടെ ചാർജ്ജ് ₹12,965/-യും ചെക്ക് മെഷർമെന്റ് ചാർജ്ജ് ₹4,320/-യും തിരികെ ഈടാക്കേണ്ടതാണ്. നിരാകരണ തുകയായ ₹17,285/- കിഴിച്ച് അവശേഷിക്കുന്ന പദ്ധതി ചെലവായ ₹2,22,160/- തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | .. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-- ഇല്ല --

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

### 4-5 വായ്പ/വായ്പ തിരിച്ചടവ്

വാർഷിക കണക്കുകൾ, ലോൺ രജിസ്റ്റർ, ബാങ്ക് പാസ്ബുക്ക് എന്നിവ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലാത്തതിനാൽ വായ്പ-വായ്പ തിരിച്ചടവ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്താനാവുന്നില്ല. വായ്പ-വായ്പ തിരിച്ചടവ് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 4-6 സ്ഥിര നിക്ഷേപം

– ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-5 | 2006-07 | 3.35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| 2002-03 | 3-7 | 2006-07 | 3-35.2 | വൗച്ചറുകളും രേഖകളും ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2002-03 | 2-2 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | തീർപ്പാക്കിയിട്ടില്ല |
| 2004-05 | 3-7 | 2008-09 | 3.7.2 | ആശ്രയ ഭവന പദ്ധതി രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2004-05 | 3-8 | 2008-09 | 3.5.7 | കമ്പ്യൂട്ടർ പരിശീലന പദ്ധതി ധനദുർവിനിയോഗം | തീർപ്പാക്കിയിട്ടില്ല |
| 2006-07 | 3-4 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| - | - | 2012-13 | 2-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് – ലഘു അവലോകനം | തീർപ്പാക്കിയിട്ടില്ല |
| - | - | 2015-16 | 4.1.5 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സമ്പ്രദായം | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക

| | | | | ചാർജ് സർട്ടിഫിക്കറ്റ് | | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 3 | 4 | 5 | 6 | 7 | 8 | | 9 | 10 | 11 | 12 | 13 | 14 |

- ഇല്ല -

ബി) <u>സർചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക</u>

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക ₹ | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | ഉൾപ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവ ശേഷി ക്കുന്ന തുക/ ബാധ്യത ₹ | റി മാ ർ ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2006-07 | ഖ 3(1) | എം. കെ. ചെല്ലപ്പൻ ചൈതന്യ, താമരക്കുളം | LF-1365/ Spl.cell/csc/ C1/2011 Dt.18/10/2013 | 93952 | | (*)ഇല്ല | 85750 | | | 85750 | 8202 | |
| 2 | 1997-98 | ഖ.29(1), (2), 30(1), 30(2), 31,32, 33,38 | ധർമ്മപാലൻ സെക്രട്ടറി | Lf-5680/ Spl.cell/ Sc2/01 Dt.18/05/01 | 5386 | നം.20/ 49950/ 4/12/2002 ₹280/-, 22/49950 ₹323/-, 68/82007/ 17/11/2007 ₹1,300/-, 68/82007 17/11/07 ₹233/-, 21/49950 ₹217/-, 68/82025 17/11/08 ₹510/- | -- | | | | 2863 | ഇല്ല | |
| 3 | 1998-99 | ഖ. 22, 31 | വി. ബാലകൃഷ്ണ റാവു, സെക്രട്ടറി | LF-9386/ SC2/02 Dt. 07/01/03 | 5455 | | (*)ഇല്ല | | | | | 5455 | |
| 4 | 1999-00 | ഖ.27(1), (2), (3) | പി. ജോൺസ് | LF1-6201/03 Dt.05/02/05 | 21500 | | (*)ഇല്ല | | | | | 21500 | |
| 5 | 1997-98 | ഖ. 27, 28 | ധർമ്മപാലൻ, സെക്രട്ടറി | Lf 5680/ Spl.cell/ Sc2/2001 Dt.03/09/02 | 2419 | 2419 Re.no68/ 82007 Dt. 17/11/07 | -- | | | | 2419 | ഇല്ല | |

(*) പ്രസ്തുത തുകകൾ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

4-10 <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹8902685 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹107389469 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹116292154 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹109274787 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹7017367 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41444 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1805004 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്).

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4639 | ശ്രീ. മുരുകേശൻ എസ്., ഹെഡ്മാസ്റ്റർ |
| 3-2 | - | 19220 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 3-3 | - | 17285 | ശ്രീ. ബിജു പി. വി., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 376497 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 1-25 | 17940 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 1-26 | 364266 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 1-27 | 222160 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 1-28 | 600000 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 1-30 | 180087 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 1-31 | 44054 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| ആകെ | 1805004 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-- ഇല്ല --

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-- ഇല്ല --

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുരുകേശൻ എസ്.<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ<br>ഉടുമ്പൻചോല | ഗുണമണി വീട്<br>കൈലാസതിട്ട പി. ഒ.<br>പാറത്തോട്, ഇടുക്കി |
| ശ്രീ. ബിജു പി. വി.<br>സെക്രട്ടറി | സെക്രട്ടറി<br>ഉടുമ്പൻചോല | പുതുപ്പറമ്പിൽ വീട്<br>രാജാക്കാട് പി. ഒ.<br>ഇടുക്കി ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-8/305/98/ 30.12.98 | 4 | 31, 32,38A, 38B |
| 1997-98 | എൽ.എഫ്.ഐ-8/151/99/ 27.09.99 | 1 | 32 |
| 1998-99 | എൽ.എഫ്.ഐ- 8/307/2000/ 21.10.2000 | 5 | 22, 25, 27,31, 38 |
| 1999-2000 | എൽ.എഫ്.ഐ-8/64/01 /09.07.01 | 1 | 27(1,2,3) |
| 2006-07 | എൽ.എഫ്.ഐ-10/415 /09/10.03.10 | 9 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7<br><br>ഡെപ്യൂട്ടി ഡയറക്ടർ ഇടുക്കി |
| 2007-08 | എൽ.എഫ്.ഐ-12/873 /11/14.10.11 | 14 | 2-1, 2-2,2-3,2-4,2-5,3-1,3-2, 3-3,3-4,3-5,3-6,3-7,3-8 |
| 2008-09 | എൽ.എഫ്.ഐ-12/724 /11/21.01.13 | 28 | 2-1 മുതൽ 2-9,<br>3-1 മുതൽ 3-18 വരെ |
| 2009-10 | എൽ.എഫ്.ഐ-12/725 /11/22.02.13 | 13 | 2-1, 2-2, 2-4, 2-5, 3-1, 3-2, 3-3, 3-5,3-6, 3-8, 3-9, 3-10 |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.ഐ-12/280 /13/17.04.13 | 9 | 2-1, 2-2,3-1,3-2,3-3,3-5, 3-6,3-8,3-9,3-10 |
| 2011-12 | എൽ.എഫ്.ഐ-12/280 /13/17.04.13 | 30 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,<br>3-12, 3-13,3-14, 3-15, 3-16, 3-17,<br>3-18, 3-19,3-20, 3-21,3-22, 3-23, 3-24, 3-25, 3-26, 3-27 |
| 2012-13 | എൽ.എഫ്.ഐ-12/179 /15/11.02.15 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-12/974/2015 | 9 | 2-1, 3-3, 3-4, 3-5, 3-6, 3-7, 3-8,<br>3-9, 3-10, 3-11 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-12/621/2016 | 14 | 2-1, 2-2, 2-3,3-1,3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-12/1362/2016 തീയതി. 07.10.16 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1,<br>3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-12/139/17<br>തീയതി. 17.08.17 | 7 | 2-1, 2-2,2-3, 3-1, 3-2, 3-3, 3-4 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-12/1315/18<br>തീയതി. 28.12.18 | 16 | 2-1, 2-2, 2-3,3-1,3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,<br>3-12, 3-13 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-12/864/2019<br>തീയതി. 15.10.2019 | 28 | 1-12 മുതൽ 1-38 വരെ, 3-1 |
| 2018-19 | നം.കെ.എസ്.എ-.ഡി.കെ-<br>12/864/2019<br>തീയതി. 04.12.2019 | 31 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23,<br>1-24, 1-25, 1-26, 1-27, 1-28, 1-29,<br>1-30, 1-31, 1-32, 1-33, 1-34, 1-35,<br>1-36, 1-37, 1-38, 4-8, 4-9, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്